# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 693 — 02/11/2011 - ൽ മറുപടിക്ക്

### വിജയ ശതമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ:വി.ശശി :<br>ശ്രീ: മുല്ലക്കര രത്നാകരൻ :<br>ശ്രീ: ഇ.കെ. വിജയൻ :<br>ശ്രീ: ചിറ്റയം ഗോപകുമാർ : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിജയം കുറഞ്ഞ ഹയർ സെക്കന്ററി സ്കൂളുകളിൽ ആയത് വർദ്ധിപ്പിക്കാനായി പ്രത്യേക പദ്ധതികൾ ആവഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. വിജയശതമാനം കുറഞ്ഞ ഹയർ സെക്കന്ററി സ്കൂളുകളിലെ വിജയശതമാനം ഉയർത്താനായി ' റെമഡിയൽ കോച്ചിംഗ്' (Remedial Coaching) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള എത്ര സ്കൂളുകളെ ഈ വർഷം ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; | (ബി) വിജയശതമാനം കുറവായിട്ടുള്ള 200 (ഇരുന്നൂറ്) ഹയർ സെക്കന്ററി സ്കൂളുകളെയാണ് ഈ അദ്ധ്യയന വർഷം (2011-12) ഇതിനായി പരിഗണിച്ചിട്ടുള്ളത്. |
| (സി) ഇവിടെ എന്തെല്ലാം പരിപാടി കളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) താഴെ പറയുന്ന പരിപാടികളാണ് ഇത്തരം സ്കൂളുകളിൽ നടപ്പിലാക്കുന്നത്.<br>1. പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകുന്നു. സ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ സമയത്തിനുശേഷമാണ് പ്രത്യേക പരിശീലനം നടത്തുന്നത്. |

(..2)

| | | | |
|---|---|---|---|
| | | | 2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇത്തരം കുട്ടികൾക്ക് നോട്ടുബുക്കുകൾ, അച്ചടിച്ച നോട്ടുകൾ എന്നിവ നൽകുന്നുണ്ട്.<br>3. കൂടാതെ ഇത്തരം കുട്ടികൾക്ക് ഉച്ച ഭക്ഷണവും നൽകി വരുന്നു. |
| (ഡി) | കഴിഞ്ഞ അദ്ധ്യയനവർഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയെന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | 2010-11 അദ്ധ്യയന വർഷം വിജയശതമാനം കുറവുള്ള 150 (നൂറ്റിയമ്പത്) സ്കൂളുകളിലാണ് റെമഡിയൽ കോച്ചിംഗ് നടപ്പിലാക്കിയത്. ഇതിന്റെ ഫലമായി 2011-ൽ 50% ൽ താഴെ വിജയശതമാനമുള്ള സ്കൂളുകളുടെ എണ്ണം 68 (അറുപത്തിയെട്ട്) ആയി കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.